**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2536** **12-12-2022 - ൽ മറുപടിയ്ക്ക്**

**ഭൂമി പതിച്ചു നൽകുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ ചെമ്മനാട്, ഉദുമ പഞ്ചായത്തുകളുടെ അധീനതയിൽപ്പെടുന്ന ഭൂമിയിൽ വർഷങ്ങളായി വീട് വച്ച് താമസിക്കുന്നവർക്ക് പ്രസ്തുത ഭൂമി പതിച്ചു നൽകുന്നതിനുള്ള ആർസി4/147/18(ചെമ്മനാട്) ആർസി4/95/17 (ഉദുമ) ഫയലുകളുടെ നിജസ്ഥിതി വിശദമാക്കുമോ; | (എ) | തദ്ദേശ സ്വയംഭരണ (ആർ.സി.) വകുപ്പിൽ RC4/147/2018/LSGD നമ്പരായി നടപടി സ്വീകരിച്ച് വന്നതും നിലവിൽ തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പിൽ RE3/34/2022/LSGD നമ്പരായി തുടർന്ന് വരുന്നതുമായ, കാസർഗോഡ് ജില്ലയിലെ ചെമ്മനാട് ഗ്രാമപഞ്ചായത്തിലെ തെക്കിൽ വില്ലേജിൽ ഉൾപ്പെട്ടതും റീസർവ്വെ 256/Pt-പ്പെട്ടതുമായ 0.04 ഏക്കർ ഭൂമി വീതം ചട്ടഞ്ചാൽ ലക്ഷം വീട് കോളനിയിലെ 7 കുടുംബങ്ങൾക്ക് ഭൂമി പതിച്ച് നൽകുന്നതിനായി സർക്കാരിലേയ്ക്ക് പുനർനിക്ഷിപ്തമാക്കുന്നത് സംബന്ധിച്ച ഫയൽ സൂക്ഷ്മ പരിശോധനയ്ക്കായി നിയമ വകുപ്പിന് കൈമാറിയിരിക്കുകയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.<br><br>കാസർഗോഡ് ജില്ലയിലെ ഉദുമ ഗ്രാമപഞ്ചായത്തിലെ പള്ളിക്കര II വില്ലേജിലെ റീസർവ്വെ നം.10/5-ൽപ്പെട്ട സ്ഥലം 7 പേർക്ക് പതിച്ച് നൽകുന്നത് സംബന്ധിച്ച് (RC4/95/2017/LSGD) തുടർനടപടി സ്വീകരിക്കുന്നതിലേയ്ക്കായി അധിക വിവരം ലഭ്യമാക്കുന്നതിന് RE3/121/2022/LSGD നമ്പരായി പഞ്ചായത്ത് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. മറുപടി ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് റവന്യൂ നിയമ വകുപ്പുകളുടെ അഭിപ്രായം കൂടി ആരാഞ്ഞ് തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | അഞ്ചു വർഷത്തിലേറെയായി വകുപ്പുകളിലുള്ള പ്രസ്തുത ഫയലുകളിൽ അനുകൂല തീരുമാനം കൈകൊള്ളുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ? | (ബി) | തദ്ദേശ സ്വയംഭരണ (ആർ.സി.) വകുപ്പിൽ RC4/147/2018/LSGD നമ്പരായി നടപടി സ്വീകരിച്ച് വന്നതും നിലവിൽ തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പിൽ RE3/34/2022/LSGD നമ്പരായി തുടർന്ന് വരുന്നതുമായ, കാസർഗോഡ് ജില്ലയിലെ ചെമ്മനാട് ഗ്രാമപഞ്ചായത്തിലെ തെക്കിൽ വില്ലേജിൽ ഉൾപ്പെട്ടതും റീസർവ്വെ 256/Pt- |

| | | | |
|---|---|---|---|
| | | | പ്പെട്ടതുമായ 0.04 ഏക്കർ ഭൂമി വീതം ചട്ടഞ്ചാൽ ലക്ഷം വീട് കോളനിയിലെ 7 കുടുംബങ്ങൾക്ക് ഭൂമി പതിച്ച് നൽകുന്നതിനായി സർക്കാരിലേയ്ക്ക് പുനർനിക്ഷിപ്തമാക്കുന്നത് സംബന്ധിച്ച ഫയൽ സൂക്ഷ്മ പരിശോധനയ്ക്കായി നിയമ വകുപ്പിന് കൈമാറിയിരിക്കുകയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.<br><br>കാസർഗോഡ് ജില്ലയിലെ ഉദുമ ഗ്രാമപഞ്ചായത്തിലെ പള്ളിക്കര II വില്ലേജിലെ റീസർവ്വെ നം.10/5-ൽപ്പെട്ട സ്ഥലം 7 പേർക്ക് പതിച്ച് നൽകുന്നത് സംബന്ധിച്ച് (RC4/95/2017/LSGD) തുടർനടപടി സ്വീകരിക്കുന്നതിലേയ്ക്കായി അധിക വിവരം ലഭ്യമാക്കുന്നതിന് RE3/121/2022/LSGD നമ്പരായി പഞ്ചായത്ത് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. മറുപടി ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് റവന്യൂ/ നിയമ വകുപ്പുകളുടെ അഭിപ്രായം കൂടി ആരാഞ്ഞ് തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ